**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4962** **20-07-2022 - ൽ മറുപടിയ്ക്ക്**

**അദ്ധ്യാപകരുടെ പ്രൊഫഷണൽ കഴിവുകൾ മെച്ചപ്പെടുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ രംഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി അദ്ധ്യാപകരുടെ നൈപുണ്യ വികസനത്തിനുവേണ്ടി നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | പൊതുവിദ്യാഭ്യാസ രംഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന അദ്ധ്യാപകർക്ക് ഇൻ സർവ്വീസ് ട്രെയിനിങ് ഓരോ വർഷവും പുതിയ അക്കാദമിക വർഷം തുടങ്ങുന്നതിന് മുന്നോടിയായി തന്നെ നൽകി വരുന്നു. പ്രസ്തുത അക്കാദമിക ശാക്തീകരണ പരിപാടികളിൽ ഉൾച്ചേർന്ന വിദ്യാഭ്യാസം, വിദ്യാഭ്യാസ മനശാസ്ത്രം തുടങ്ങി വിവിധ വിഷയ മേഖലകൾ പ്രതിപാദിക്കാറുണ്ട്. അദ്ധ്യാപകരുടെ നൈപുണി വികസനം ഉറപ്പാക്കുന്ന തരത്തിൽ ശില്പശാല രീതിയിലും എക്സ്പീരിയൻഷ്യൽ രീതിയിലും ശാക്തീകരണ പരിപാടികൾ നടത്തുന്നതിനായുള്ള മൊഡ്യൂൾ എസ്.സി.ഇ.ആർ.ടി.യുടെ നേതൃത്വത്തിൽ രൂപപ്പെടുത്തിയാണ് അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നത്. പുതുതായി സർവ്വീസിൽ പ്രവേശിക്കുന്ന അദ്ധ്യാപകർക്ക് മേൽ വിവരിച്ച രീതിയിൽ തന്നെ കുറേക്കൂടി വിപുലമായി 10 ദിവസം ദൈർഘ്യമുള്ള ഇൻഡക്ഷൻ ട്രെയിനിങ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഈ അക്കാദമിക വർഷത്തിൽത്തന്നെ ഈ അദ്ധ്യാപകർക്കാകെ പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ക്ലാസ് റൂം വിനിമയം ഫലപ്രദമാക്കുന്നതിനുള്ള ഐ.സി.ടി അധിഷ്ഠിത ശാക്തീകരണവും വർഷം തോറും നടത്തിവരുന്നു.<br><br>ഹയർ സെക്കന്ററി അദ്ധ്യാപക ശാക്തീകരണത്തിനായി "ഹയർ സെക്കന്ററി അദ്ധ്യാപക പരിവർത്തനോന്മുഖ പരിപാടി (HSSTTP) എന്ന 10 ദിവസത്തെ റസിഡൻഷ്യൽ റിഫ്രഷർ കോഴ്സാണ് പ്രധാനമായും നടത്തുന്നത്. കൂടാതെ SIEMAT കേരളയുമായി സഹകരിച്ച് ഹയർ സെക്കന്ററി പ്രിൻസിപ്പൽമാർക്കായി മൂന്ന് |

| | | | |
|---|---|---|---|
| | | | ദിവസത്തെ റെസിഡൻഷ്യൽ പരിശീലനം 'ലീഡർഷിപ്പ് എൻഹാൻസ്മെന്റ് പ്രോഗ്രാം (LEP ) എന്ന പേരിൽ നടത്തി വരുന്നു. നിരന്തര മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഒരോ വർഷവും SCERT -യുമായി സഹകരിച്ച് രണ്ടു ഘട്ടങ്ങളിലായി Continuous & Comprehensive Evaluation (CCE) പരിശീലനങ്ങളും തുടർന്ന് സ്കൂൾതല മോണിറ്ററിങ്ങും നടത്തുന്നു. |
| (ബി) | പ്രൊഫഷണൽ കഴിവുകൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അദ്ധ്യാപകരുടെ അഭിരുചികൾക്കൊത്ത വിവിധതരം ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സുകൾ നടപ്പിലാക്കുന്നതിന് ആലോചിക്കുന്നുണ്ടോ? | (ബി) | അദ്ധ്യാപകരുടെ പ്രൊഫഷണൽ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനായി അദ്ധ്യാപകർക്ക് അവരുടെ അഭിരുചികൾക്കനുസരിച്ച് മേഖലകൾ തിരഞ്ഞെടുക്കത്തക്ക രീതിയിൽ എസ്.സി.ഇ.ആർ.ടി 6 മാസം നീണ്ടുനിൽക്കുന്ന ബ്ലെൻഡഡ് രീതിയിൽ (ഓൺലൈൻ & ഓഫ് ലൈൻ) സംസ്ഥാനമൊട്ടാകെയുള്ള താല്പര്യമുള്ള അദ്ധ്യാപകർക്ക് പങ്കെടുക്കാൻ കഴിയുന്ന രീതിയിൽ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നുണ്ട്. ഒരു ബാച്ചിന്റെ പഠനം പൂർത്തിയായി സർട്ടിഫിക്കറ്റുകളും നൽകി. അടുത്ത ബാച്ചിന്റെ പ്രവേശന നടപടികൾക്കായുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.<br><br>എൽ പി തലം മുതൽ ഹയർ സെക്കന്ററി തലം വരെയുള്ള പൊതുവിദ്യാലയങ്ങളിലെ പ്രഥമാദ്ധ്യാപകർക്ക് എഡ്യൂക്കേഷണൽ മാനേജ്മെന്റിലും ലീഡർഷിപ്പിലും അനുബന്ധ വിഷയങ്ങളിലും SIEMAT മുഖേന വിദഗ്ധപരിശീലനം നൽകി വരുന്നു. പ്രഥമാദ്ധ്യാപകരും അധ്യാപകരും അടക്കമുള്ള വിദ്യാഭ്യാസ പ്രവർത്തകർക്കായി 30 ദിവസം ദൈർഘ്യമുള്ള ഒരു ഓൺലൈൻ സർട്ടിഫിക്കറ്റ് പ്രോഗ്രാം ,യുവ അദ്ധ്യാപകർക്ക് വേണ്ടിയുള്ള പരിശീലന പരിപാടികൾ എന്നിവ SIEMAT കേരള വഴി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ